(ഡി) തിരിച്ചെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഇതുവരെ വ്യാജ മദ്യദുരന്തത്തോടനുബന്ധിച്ച് എക്സൈസ് വകുപ്പിൽ 26 പേരെയും അബ്കാരി ലേലത്തിൽ പങ്കെടുക്കുന്നതിന് സോൾവൻസി സർട്ടിഫിക്കറ്റ് നൽകിയതിലുള്ള ക്രമക്കേടുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ 49 പേരെയും ജോലിയിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടി സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇവരിൽ എക്സൈസ് വകുപ്പ് 3 പേരെയും റവന്യൂ വകുപ്പ് ഒരാളെയും തിരിച്ചെടുത്തു. പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ സംബന്ധിച്ച് വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, സർക്കിൾ ഇൻസ്പെക്ടർ ഓഫ് എക്സൈസ്, എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് പ്രിവന്റീവ് ആഫീസർ എന്നിവരേയും ഡെപ്യൂട്ടി കളക്ടർ, തഹസീദാർ, ഡെപ്യൂട്ടി തഹസീൽദാർ, വില്ലേജ് ആഫീസർ എന്നീ പദവിയിലുള്ളവരെയുമാണ്. യഥാക്രമം എക്സൈസ് റവന്യൂ വകുപ്പുകളിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളത്. സർക്കിൾ ഇൻസ്പെക്ടർ ഓഫ് എക്സൈസ്, എക്സൈസ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി കളക്ടർ എന്നീ പദവിയിലുള്ളവരാണ് സർവ്വീസിൽ തിരിച്ചെടുക്കപ്പെട്ടവർ. പോലീസ് വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വകുപ്പുതല അന്വേഷണത്തിന്റെ വെളിച്ചത്തിൽ 3 എക്സൈസ് ഉദ്യോഗസ്ഥരെയും കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു ഡെപ്യൂട്ടി കളക്ടറെയും തിരിച്ചെടുത്തിട്ടുണ്ട്.

രാഷ്ട്രീയ കക്ഷികൾക്ക് മാസപ്പടി നൽകിയത് സംബന്ധിച്ച വിവരം

70 (1319) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ അബ്കാരി കോൺട്രാക്ടർ ജോൺ കൊല്ലാട്ടിന്റെ വീട്ടിലും സ്ഥാപനങ്ങളിലും 2000 മേയ് 4-ന് ആദായനികുതി അധികൃതർ നടത്തിയ റെയ്ഡിൽ കണ്ടുകിട്ടിയ ഡയറികളോ, അതിലെ കുറിപ്പിന്റെ വിശദവിവരങ്ങളോ ആദായനികുതി വകുപ്പുകാർ ഗവൺമെന്റിന്റെ ഏതെങ്കിലും വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് വകുപ്പിനെയാണ് അറിയിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത ഡയറിയിൽ ആർക്കെല്ലാം മാസപ്പടി കൊടുത്ത വിവരം ചേർത്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതിൽ ഏതെങ്കിലും രാഷ്ട്രീയകക്ഷികൾക്ക് മാസപ്പടി നൽകിയത് സംബന്ധിച്ച വിവരം ചേർത്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏത് രാഷ്ട്രീയ കക്ഷിയാണ് മാസപ്പടി കൊടുത്തിട്ടുള്ളതെന്ന് പറയുമോ ?

ഉത്തരം

(എ-ഇ) വിവരംശേഖരിച്ചു വരുന്നു.

ചെക്ക്പോസ്റ്റിലൂടെ സ്പിരിറ്റ് കടത്തൽ

71 (1320) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആര്യങ്കാവ് ചെക്ക്പോസ്റ്റിലൂടെ സ്പിരിറ്റ് കടത്തി കൊണ്ടു പോയ കേസിൽ നിരപരാധിയായ ഉദ്യോഗസ്ഥനെ പ്രതിയാക്കിയതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(സി) ഈ കേസ്സിൽ സ്പിരിറ്റ് ലോറി വിട്ടുകൊടുത്ത യഥാർത്ഥ പോലീസുദ്യോഗസ്ഥൻ ആരായിരുന്നു ;

(ഡി) ഈ ഉദ്യോഗസ്ഥനെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

എക്സൈസ് വകുപ്പിലെ കാണാതായ ഫയലുകൾ

72 (1321) ശ്രീ. ബി. വിജയകുമാർ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് വകുപ്പിലെ എത്ര ഫയലുകൾ കാണാതായിട്ടുണ്ട് ;

(ബി) അച്ചടക്ക നടപടി സംബന്ധിച്ച എത്ര ഫയലുകൾ ഇതിൽപ്പെടും ;

(സി) ആർക്കെല്ലാമെതിരെയുള്ള അച്ചടക്ക നടപടി സംബന്ധിച്ച ഫയലുകളാണ് കാണാതായിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഡി) ഗവൺമെന്റിന് നഷ്ടമുണ്ടാകുവാനിടയായ സംഭവങ്ങൾ സംബന്ധിച്ച എത്ര ഫയലുകൾ കാണാതായി ;

LIBRARY ARCHIVES Kerala Legislative Assembly